"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജീവകലാ സാംസ്കാരിക മണ്ഡലം" സംഘടിപ്പിച്ച "വരിക വാർതിങ്കളെ" സംസ്ഥാനതല തിരുവാതിരക്കളി മത്സരം(2025 ജനുവരി 19)- സ്പോൺസർഷിപ്പ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.150/2025/TSM തീയതി,തിരുവനന്തപുരം, 11-03-2025

---

പരാമർശം:-

1. ബഹു വാമനപുരം എം.എൽ.എ ശ്രീ അഡ്വ ഡി.കെ മുരളി സമർപ്പിച്ച 08.01.2025 ലെ VPM/MLA/110/2025 നം.കത്ത്
2. ജീവകല കലാ സാസ്കാരിക മണ്ഡലം സെക്രട്ടറി സമർപ്പിച്ച 08.01.2025-ലെ അപേക്ഷ.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 03.02.2025 തീയതിയിലെ DOT/4971/2024-M1 നം കത്ത്.

**ഉത്തരവ്**

വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം, 2025 ജനുവരി 19 തീയതിയിൽ, "വരിക വാർതിങ്കളെ" എന്ന സംസ്ഥാനതല തിരുവാതിരക്കളി മത്സരം സംഘടിപ്പിക്കുന്നു എന്നും പ്രസ്തുത പരിപാടിക്ക് ടൂറിസം വകുപ്പിന്റെ സ്പോൺസർഷിപ്പ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, പരാമർശം(1) പ്രകാരമുള്ള ബഹു വാമനപുരം എം.എൽ.എ ശ്രീ അഡ്വ ഡി.കെ മുരളിയുടെ ശിപാർശ സഹിതം ജീവകല കലാ സാസ്കാരിക മണ്ഡലം സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.2025 ജനുവരി 19-ാം തീയതി, കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും 12 ടീമുകളെ

പങ്കെടുപ്പിച്ചുകൊണ്ട്, വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം സംഘടിപ്പിച്ച, "വരിക വാർതിങ്കളെ" എന്ന സംസ്ഥാനതല തിരുവാതിരക്കളി മത്സരത്തിന് സാമ്പത്തിക സഹായമായി,**3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും **₹25000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം)** ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം ജീവകല കലാ സാസ്കാരിക മണ്ഡലം സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജീവകല കലാ സാസ്കാരിക മണ്ഡലം സെക്രട്ടറി ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 12-03-2025 16:19:41
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്